പതിനാലാം കേരള നിയമസഭ

ഒമ്പതാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നം. 71

23.01.2018-ൽ മറുപടി
നല്കേണ്ടിയിരുന്നത്

**ഓഖി ദുരന്തം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| | ശ്രീ.കെ. ബാബു | | പിണറായി വിജയൻ (മുഖ്യമന്ത്രി) |
| (എ) | ഓഖി ദുരന്തത്തിൽ മരണമടഞ്ഞവരുടെ കുടുംബങ്ങളെ സഹായിക്കുന്നതിനായി എന്തെല്ലാം സഹായ പദ്ധതികളാണ് പ്രഖ്യാപിച്ചിട്ടുള്ളത് എന്ന് വിശദമാക്കുമോ; | (എ) | 06.12.2017 ലെ സ.ഉ(കൈ)നം.01/17/ഡി.എം.ഡി ഉത്തരവ് പ്രകാരം ഓഖി ദുരന്തത്തിന് ഇരയായവർക്ക് (മരണമടഞ്ഞവരടക്കം) ആശ്വാസ നടപടികൾ പ്രഖ്യാപിച്ചിരുന്നു. (ഉത്തരവ് അനുബന്ധമായി ചേർക്കുന്നു)<br><br>ദുരന്തബാധിതരായ, Savings Cum Relief Scheme ൽ അംഗങ്ങളായ എല്ലാ മത്സ്യത്തൊഴിലാളി കുടുംബങ്ങൾക്കും 2000 രൂപ വീതം നൽകി. അപകടത്തിൽപ്പെട്ട് ആശുപത്രിയിൽ ചികിത്സയിലായ മത്സ്യത്തൊഴിലാളികൾക്ക് മത്സ്യത്തൊഴിലാളി ക്ഷേമനിധി ബോർഡു വഴി 5,000/- രൂപ വീതം അനുവദിച്ചു.<br>മരണമടയുന്നതും കാണാതാകുന്നതുമായ മത്സ്യത്തൊഴിലാളികളുടെ മക്കൾക്ക് അർഹമായ സൗജന്യ വിദ്യാഭ്യാസം/തൊഴിൽ പരിശീലനം ഉൾപ്പെടെ നൽകുന്നതിനുള്ള നടപടികൾ പൊതു വിദ്യാഭ്യാസം/ഉന്നത വിദ്യാഭ്യാസ വകുപ്പുകളുമായി ചേർന്ന് സ്വീകരിച്ചു വരുന്നു. |
| (ബി) | ഓഖി ദുരന്തത്തിൽ എത്ര പേരാണ് മരണപ്പെട്ടതെന്നും എന്തെല്ലാം നാശനഷ്ടങ്ങളാണ് സംഭവിച്ചിട്ടുള്ളതെന്നും വിശദമാക്കുമോ; | (ബി) | 50 മത്സ്യത്തൊഴിലാളികൾ കടലിലും 8 പേർ കരയിലും മരണപ്പെട്ടു. 104 മലയാളികളായ മത്സ്യത്തൊഴി ലാളികളെ കാണാതായിട്ടുണ്ട്. 384 ബോട്ടുകൾ തകർന്നു. 248 വീടുകൾ പൂർണമായും തകർന്നു. 6851 വീടുകൾ ഭാഗികമായി തകർന്നു. 270 കുടിലുകൾ തകർന്നു. 7817.38 ഹെക്ടർ കൃഷി നഷ്ടപ്പെട്ടു. 41 കിലോമീറ്റർ PWD റോഡുകൾ തകർന്നു. 65 കിലോമീറ്റർ പഞ്ചായത്ത് റോഡുകൾക്ക് കേടുപാടുകൾ സംഭവിച്ചു. 10,442 ഇലക്ട്രിക് പോസ്റ്റുകൾ തകർന്നു. 1165 ട്രാൻസ്ഫോർമറുകൾക്കു കേടുപാട് പറ്റി. 657 കിലോ മീറ്റർ ഇലക്ട്രിക് വയറുകൾക്ക് തടസ്സം നേരിട്ടു. 57 ഇറിഗേഷൻ സ്കീമുകൾക്ക് തകർച്ച നേരിട്ടു. 19 കുടിവെള്ള വിതരണ സ്കീമുകൾക്ക് തകർച്ച നേരിട്ടു. |

| | | | |
|---|---|---|---|
| (സി) | നിലവിൽ പ്രഖ്യാപിച്ച ധനസഹായം സമയബന്ധിതമായി വിതരണം നടത്തുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത് എന്ന് വിശദമാക്കാമോ? | (സി) | മരണപ്പെട്ടവരുടെ ആശ്രിതർക്ക് സംസ്ഥാന സർക്കാർ 20 ലക്ഷം രൂപയും പ്രധാനമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നുള്ള 2 ലക്ഷം രൂപയും കൂടി ഉൾപ്പെടുത്തി 22 ലക്ഷം രൂപ സമയബന്ധിതമായിത്തന്നെ വിതരണം ചെയ്യാനുള്ള നടപടികളെടുത്തു. കാണാതായ മത്സ്യത്തൊഴിലാളികൾക്ക് മരണമടഞ്ഞവരുടെ കുടുംബങ്ങൾക്ക് നൽകുന്ന എല്ലാവിധ ആനുകൂല്യങ്ങളും നൽകുന്നതിനുള്ള തീരുമാനവും സർക്കാർ എടുത്തിട്ടുണ്ട്. പ്രസ്തുത ആനുകൂല്യങ്ങൾ ലഭ്യമാകുന്നതുവരെ ഓരോ മാസവും 10,000 രൂപ വീതം ഈ കുടുംബങ്ങൾക്ക് മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും നൽകുന്നുണ്ട്. ദുരന്തത്തിൽ നഷ്ടപ്പെടുകയും ഭാഗികമായി തകരുകയും ചെയ്ത ബോട്ടുകൾക്കും വള്ളങ്ങൾക്കും മത്സ്യബന്ധന ഉപകരണങ്ങൾക്കും തത്തുല്യ നഷ്ടപരിഹാരം നൽകുന്നതിനുള്ള നടപടികൾ ആരംഭിച്ചു കഴിഞ്ഞിട്ടുണ്ട്. Fisheries Department-Savings Cum Relief Scheme ൽ അംഗങ്ങളായ സമുദ്ര മത്സ്യത്തൊഴിലാളികൾക്ക് 21.69 കോടി രൂപ വിതരണം ചെയ്തിട്ടുണ്ട്.<br>ഓഖി ദുരിതാശ്വാസത്തിനായി ജില്ലാ കളക്ടർമാർക്ക് ചെലവഴിക്കുവാൻ 24.83 കോടി രൂപ 19.01.2018 വരെ അനുവദിച്ചിട്ടുണ്ട്. മത്സ്യത്തൊഴിലാളികൾക്ക് ഒരു മാസത്തേക്കുള്ള സൗജന്യ റേഷൻ അനുവദിക്കുകയും അതിനായി 8.31 കോടി രൂപ മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും അനുവദിച്ചു. |

സെക്ഷൻ ഓഫീസർ

അനുബന്ധം.

കേരള സർക്കാർ

സംഗ്രഹം

ദുരന്ത നിവാരണ വകുപ്പ് - ഓഖി ചുഴലിക്കൊടുങ്കാറ്റ് - ദുരന്ത ബാധിതർക്ക് ദുരിതാശ്വാസ സഹായം അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

ദുരന്ത നിവാരണ വകുപ്പ്

സ.ഉ.(കൈ)നം.1/2017/ഡി.എം.ഡി. തിരുവനന്തപുരം,തീയതി, 06 ഡിസംബർ, 2017.

---

## ഉത്തരവ്

30.11.2017-ൽ കേരള തീരത്ത് നാശം വിതച്ച് ഓഖി ചുഴലിക്കൊടുങ്കാറ്റ് മത്സ്യത്തൊഴിലാളികളുടെ ജീവനും സ്വത്തിനും അപ്രതീക്ഷിതമായ നഷ്ടം വരുത്തിയിരിക്കുകയാണ്. മീൻ പിടുത്തത്തിനായി പോയ ബഹുഭൂരിപക്ഷം മത്സ്യത്തൊഴിലാളികളെയും കണ്ടെത്താനും രക്ഷപ്പെടുത്താനും കഴിഞ്ഞിട്ടുണ്ടെങ്കിലും നിലവിലെ വിവരം അനുസരിച്ച് 92 മത്സ്യത്തൊഴിലാളികളെ ഇനിയും കണ്ടെത്താനുണ്ട്. ഇതിനകം 29 മത്സ്യത്തൊഴിലാളികളുടെ മൃതശരീരം കണ്ടെത്തിയിട്ടുണ്ട്. ഒരാഴ്ചയായി കേരള തീരത്ത് പൊതുവിൽ മത്സ്യത്തൊഴിലാളികൾക്ക് മത്സ്യബന്ധനത്തിന് പോകാൻ കഴിയാത്ത സ്ഥിതിയാണുള്ളത്. ഈ സാഹചര്യത്തിൽ മത്സ്യത്തൊഴിലാളികൾക്കും മരണം, കൃഷിനാശം, അപകടത്തിൽ പരിക്കേൽക്കൽ, വീട് നഷ്ടപ്പെടൽ എന്നിവമൂലം ഇരയായ മറ്റ് വിഭാഗങ്ങളിൽപ്പെട്ടവർക്കും അവരുടെ കുടുംബാംഗങ്ങൾക്കുമായി താഴെപ്പറയുന്ന ആശ്വാസ നടപടികൾ സ്വീകരിച്ച് ഉത്തരവാകുന്നു.

1. ഓഖി ചുഴലിക്കൊടുങ്കാറ്റിൽ മരണമടഞ്ഞ മത്സ്യത്തൊഴിലാളികളുടെ കുടുംബങ്ങൾക്ക് സർക്കാർ പ്രഖ്യാപിച്ച 10 ലക്ഷം രൂപയും (4 ലക്ഷം രൂപ സംസ്ഥാന ദുരന്ത പ്രതികരണ നിധിയിൽ നിന്നും 6 ലക്ഷം രൂപ മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും), മത്സ്യത്തൊഴിലാളി ക്ഷേമനിധി ബോർഡിൽ നിന്നും 5 ലക്ഷം രൂപയും, ബദൽ ജീവനോപാധിക്കായി ഫിഷറീസ് വകുപ്പിൽ നിന്നും 5 ലക്ഷം രൂപയും ഉൾപ്പെടെ 20 ലക്ഷം രൂപ അനുവദിക്കുന്നു.
2. ഓഖി ചുഴലിക്കാറ്റിൽ ഗുരുതരമായി പരിക്കേൽക്കുകയും മത്സ്യബന്ധനത്തിലേർപ്പെടാൻ കഴിയാത്ത ആരോഗ്യസ്ഥിതിയിലുമായ മത്സ്യത്തൊഴിലാളികൾക്ക് ബദൽ ജീവനോപാധിയായി ഓരോ കുടുംബത്തിനും 5 ലക്ഷം രൂപയുടെ ധനസഹായം ഫിഷറീസ് വകുപ്പിൽ നിന്നും അനുവദിക്കുന്നതാണ്. പ്രസ്തുത തുക ഫിഷറീസ് വകുപ്പിന്റെ ഫണ്ടിൽ

നിന്നുമായിരിക്കും അനുവദിക്കുന്നത്.

3. മത്സ്യത്തൊഴിലാളികൾക്കും അവരുടെ കുടുംബാംഗങ്ങൾക്കും മുതിർന്നവർക്ക് ദിനംപ്രതി 60 രൂപയും കുട്ടികൾക്ക് 45 രൂപയും വീതം 7 ദിവസത്തേക്ക് അനുവദിക്കുന്നതാണ്. ദുരന്തത്തിന് ഇരയായ മത്സ്യത്തൊഴിലാളി കുടുംബങ്ങൾക്ക് ഇപ്പോൾ അനുവദിച്ചിട്ടുള്ള 15 കിലോഗ്രാം അരി കൂടാതെ ഒരു മാസത്തെ സൗജന്യ റേഷൻ കൂടി അനുവദിക്കുന്നതാണ്. ഭക്ഷ്യ പൊതുവിതരണ വകുപ്പ് പ്രസ്തുത വകുപ്പിന്റെ ഫണ്ട് വിനിയോഗിച്ച് ഇക്കാര്യത്തിൽ അടിയന്തിര നടപടി സ്വീകരിക്കുന്നതാണ്.

4. ഓഖി ചുഴലിക്കാറ്റിൽപ്പെട്ട് ബോട്ട്,മത്സ്യബന്ധനോപകരണങ്ങൾ നഷ്ടപ്പെട്ട തൊഴിലാളികൾക്ക് നേരിട്ട നഷ്ടത്തിന് ഏകദേശം തത്തുല്യമായ നഷ്ടപരിഹാരം ഫിഷറീസ് വകുപ്പ് നൽകുന്നതാണ്.

5. മരണമടയുകയോ കാണാതാകുകയോ ചെയ്ത മത്സ്യത്തൊഴിലാളികളുടെ മക്കൾക്ക് അർഹമായ സൗജന്യ വിദ്യാഭ്യാസം / തൊഴിൽ പരിശീലനം ഉൾപ്പെടെ നൽകുന്നതിന് പൊതുവിദ്യാഭ്യാസം / ഉന്നതവിദ്യാഭ്യാസ വകുപ്പുകളെ ചുമതലപ്പെടുത്തുന്നു.

6. ഓഖി ദുരന്തത്തിന് ഇരയായ മത്സ്യത്തൊഴിലാളികൾക്ക് നിലവിൽ നൽകി വരുന്ന ആനുകൂല്യങ്ങളെ സംബന്ധിച്ച് പഠിച്ച് കാലോചിതമായി പരിഷ്കരിക്കുന്നതിന് ശിപാർശ നൽകാൻ റവന്യൂ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി, ഫിഷറീസ് പ്രിൻസിപ്പൽ സെക്രട്ടറി എന്നിവരെ ചുമതലപ്പെടുത്തുന്നു.

7. ഇപ്പോൾ തുടർന്നുവരുന്ന ഊർജ്ജിത രക്ഷാപ്രവർത്തനങ്ങൾക്കും തെരച്ചിലിനും ശേഷം ഏതെങ്കിലും മത്സ്യത്തൊഴിലാളിയെ കണ്ടെത്താനാവാതെ വന്നാൽ അവരുടെ കുടുംബാംഗങ്ങൾക്കും സാമ്പത്തിക സഹായം നൽകേണ്ട കാര്യത്തിൽ അടിയന്തിര തീരുമാനം എടുക്കുന്നതിന് സഹായകമായ ശിപാർശ നൽകുന്നതിനും നിലവിലുള്ള നിയമ വ്യവസ്ഥകളിൽ പ്രത്യേക ഇളവ് നൽകുന്ന കാര്യത്തിൽ അടിയന്തിര തീരുമാനം എടുക്കുന്നതിനുമായി റവന്യൂ, ആഭ്യന്തരം, ഫിഷറീസ് വകുപ്പുകളിലെ അഡീഷണൽ ചീഫ് സെക്രട്ടറി/പ്രിൻസിപ്പൽ സെക്രട്ടറിമാരെ ഉൾപ്പെടുത്തി ഒരു കമ്മിറ്റി രൂപീകരിക്കുന്നതാണ്.

8. ഭാവിയിൽ മത്സ്യബന്ധനത്തിനായി കടലിൽ പോകുന്ന സമയത്ത് മുഴുവൻ മത്സ്യത്തൊഴിലാളികളും ഫിഷറീസ് വകുപ്പ് ഏർപ്പെടുത്തുന്ന സംവിധാനത്തിൽ രജിസ്റ്റർ ചെയ്യണമെന്നും, ബോട്ടുകളിൽ ജി.പി.എസ്. സംവിധാനവും, മത്സ്യത്തൊഴിലാളികളുടെ മൊബൈൽ ഫോണുകളും, സാറ്റലൈറ്റ് സംവിധാനങ്ങളും, കാലാവസ്ഥ സംബന്ധിച്ച സന്ദേശം നൽകാനുള്ള ക്രമീകരണവും ഒരുക്കുന്നതിനുള്ള സംവിധാനം ഏർപ്പെടുത്താൻ ചീഫ് സെക്രട്ടറി അദ്ധ്യക്ഷനായ സംസ്ഥാന ഡിസാസ്റ്റർ മാനേജ്മെന്റ് അതോറിറ്റിയുടെ സംസ്ഥാന എക്സിക്യൂട്ടീവ് കമ്മിറ്റിയെ

ചുമതലപ്പെടുത്തിയിരിക്കുന്നു.

9. സംസ്ഥാന ഡിസാസ്റ്റർ മാനേജ്മെന്റ് അതോറിറ്റി പുനഃസംഘടിപ്പിക്കുകയും എസ്.ഡി.ആർ.എഫ്. രൂപീകരിക്കുകയും മേഖലാ എമർജൻസി ഓപ്പറേഷൻസ് സെന്റർ എറണാകുളത്ത് സ്ഥാപിക്കുന്നതിനും മറ്റ് ജില്ലകളിൽ ജില്ലാ തലത്തിൽ എമർജൻസി ഓപ്പറേഷൻസ് സെന്ററുകൾ സ്ഥാപിച്ച് ഫിഷറീസ്, പോലീസ്, ഫയർ, റവന്യൂ വകുപ്പുകളിലെ ഉദ്യോഗസ്ഥരുടെയും കേന്ദ്ര സേനകളായ കോസ്റ്റ് ഗാർഡ്, വ്യോമ, നാവിക സേനകളുടെ സേവനം ലഭ്യമാക്കാനും നടപടി സ്വീകരിക്കുന്നതാണ്.

10. തീരദേശ പോലീസ് സേനയിൽ ആവശ്യമായ റിക്രൂട്ട്മെന്റ് നടത്തുകയും ആധുനിക സജ്ജീകരണങ്ങളോടെ നവീകരിക്കുകയും ശക്തിപ്പെടുത്തുകയും ചെയ്യുന്നതാണ്. അതോടൊപ്പം കേരളത്തിലെ വിഴിഞ്ഞം, നീണ്ടകര, കൊച്ചി, പൊന്നാനി, ബേപ്പൂർ, അഴീക്കൽ തുറമുഖങ്ങളോട് ചേർന്ന് പ്രത്യേക പോലീസ് സംവിധാനം ആരംഭിക്കുന്നതിന് ആഭ്യന്തര വകുപ്പിനെ ചുമതലപ്പെടുത്തുന്നു. പ്രത്യേക പോലീസ് സംവിധാനത്തിലേക്കുള്ള റിക്രൂട്ട്മെന്റ് മത്സ്യബന്ധനത്തിലേർപ്പെട്ടിരിക്കുന്ന മത്സ്യത്തൊഴിലാളികളിൽ നിന്നായിരിക്കണം നടത്തേണ്ടത്. റിക്രൂട്ട്മെന്റ് നടത്തുമ്പോൾ ഓഖി ദുരന്തത്തിൽ ജീവൻ നഷ്ടപ്പെട്ട മത്സ്യത്തൊഴിലാളികളുടെ കുടുംബാംഗങ്ങൾക്ക് (ആശ്രിതർക്ക്) മുൻഗണന നൽകേണ്ടതാണ്.

11. മത്സ്യബന്ധനത്തിനിടയിൽ മറ്റ് സംസ്ഥാനങ്ങളിൽ എത്തിച്ചേർന്നവരെ തിരിച്ച് എത്തിക്കുന്നതിനാവശ്യമായ സഹായം നൽകുന്നതാണ്.

12. കേരളത്തിന്റെ ഭാഗം എന്നപോലെ നിലകൊള്ളുന്ന ലക്ഷദ്വീപിൽ മെഡിക്കൽ ടീമിനെ അയയ്ക്കുന്നതിന് ആരോഗ്യ വകുപ്പ് നടപടി സ്വീകരിക്കുന്നതാണ്. മറ്റ് സ്ഥലങ്ങളിൽ അകപ്പെട്ട മത്സ്യത്തൊഴിലാളികളെ തിരികെ കൊണ്ടുവരുന്ന പ്രവർത്തനങ്ങളെ ഏകോപിപ്പിക്കാൻ പോലീസ്, ഫിഷറീസ് എന്നീ വകുപ്പുകളിൽ നിന്നും ഉദ്യോഗസ്ഥരെ നിയോഗിക്കുന്നതാണ്.

13. ഓഖി ദുരന്തത്തിൽ കാണാതായ മത്സ്യത്തൊഴിലാളികളെ കണ്ടെത്താനുള്ള തിരച്ചിൽ തുടരാൻ കോസ്റ്റ്ഗാർഡ്, നാവിക, വ്യോമ സേനകളോടും കേന്ദ്ര സർക്കാരിനോടും ആവശ്യപ്പെടുന്നതാണ്. ഈ തെരച്ചിലിൽ മത്സ്യത്തൊഴിലാളികളെയും ഉൾപ്പെടുത്തിയത് തുടരാൻ കേന്ദ്ര സേനകളോട് ആവശ്യപ്പെടുന്നതാണ്.

14. സംസ്ഥാനത്തെ ഓഖി ദുരിതാശ്വാസ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കാൻ ഫിഷറീസ്, റവന്യൂ-ഡിസാസ്റ്റർ മാനേജ്മെന്റ്, ആഭ്യന്തര വകുപ്പുകളെ ചുമതലപ്പെടുത്തുന്നു.

15. നിരവധി പേരുടെ മരണത്തിനും നാശനഷ്ടത്തിനും ഇടയാക്കിയ അസാധാരണവും മുമ്പൊന്നും ഉണ്ടായിട്ടില്ലാത്തതുമായ ദുരന്തമായതിനാൽ

ദേശീയ ദുരന്തമായി കണക്കാക്കി ദീർഘകാല പുനർനിർമ്മാണ പദ്ധതി (സ്പെഷ്യൽ പാക്കേജ്)-ക്കാവശ്യമായ ഫണ്ട് ലഭ്യമാക്കാൻ കേന്ദ്ര സർക്കാരിനോട് ആവശ്യപ്പെടുന്നതാണ്.

16. ഈ ദുരന്തത്തോട് അനുബന്ധിച്ചുണ്ടായ കൃഷിനാശം, വീട് നഷ്ടപ്പെടൽ, ചികിത്സാ ചെലവ്, എന്നിവയ്ക്കും ദുരിതാശ്വാസ ക്യാമ്പിൽ കഴിയുന്നവർക്കുമായി ഉചിതമായ സാമ്പത്തിക സഹായം ലഭ്യമാക്കുന്നതാണ്.

17. കാലാവസ്ഥാ വ്യതിയാനങ്ങളെക്കുറിച്ച് യഥാസമയം വിവരം ലഭ്യമാക്കുവാൻ ശാസ്ത്രീയമായ സംവിധാനം രാജ്യത്തുണ്ടാക്കണമെന്ന കാര്യം കേന്ദ്ര സർക്കാരിന്റെ ശ്രദ്ധയിൽപ്പെടുത്തുന്നതാണ്.

18. ഭാവിയിൽ ഇത്തരം ദുരന്തങ്ങൾ ഉണ്ടായാൽ നേരിടുന്നതിനുള്ള മാർഗ്ഗങ്ങൾ വിശദമായി പഠിച്ച് സർക്കാരിന് റിപ്പോർട്ട് സമർപ്പിക്കുവാൻ ശ്രീ. രമൺ ശ്രീവാസ്തവ (റിട്ട. ഡി.ജി.പി.), അഡീഷണൽ ചീഫ് സെക്രട്ടറി, റവന്യൂ അഡീഷണൽ ചീഫ് സെക്രട്ടറി, ആഭ്യന്തരം, പ്രിൻസിപ്പൽ സെക്രട്ടറി, ഫിഷറീസ്, ഡോ. അഭിലാഷ്, അസിസ്റ്റന്റ് പ്രൊഫസർ, കാലാവസ്ഥാ നിരീക്ഷണ വകുപ്പ്, കുസാറ്റ്, മെമ്പർ സെക്രട്ടറി, സംസ്ഥാന ഡിസാസ്റ്റർ മാനേജ്മെന്റ് അതോറിറ്റി എന്നിവർ ഉൾപ്പെടുന്ന ഒരു സമിതിയെ നിയോഗിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻപ്രകാരം)
**പി.എച്ച്.കുര്യൻ**
അഡീഷണൽ ചീഫ് സെക്രട്ടറി

ലാന്റ് റവന്യൂ കമ്മീഷണർ, തിരുവനന്തപുരം
എല്ലാ ജില്ലാ കളക്ടർമാർക്കും
മെമ്പർ സെക്രട്ടറി, സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റി, ഒബ്സർവേറ്ററി ഹിൽസ്, വികാസ്ഭവൻ പി.ഒ, തിരുവനന്തപുരം.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ് / എ.&ഇ), കേരള, തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ, ബ്രാഞ്ച് ഓഫീസ്, കോട്ടയം, എറണാകുളം, തൃശ്ശൂർ, കോഴിക്കോട്.
എല്ലാ ജില്ലാ ട്രഷറി ഓഫീസർമാർക്കും (ട്രഷറി ഡയറക്ടർ മുഖേന)
പൊതുഭരണ (എസ്.സി) വകുപ്പ് (06.12.2017-ലെ ഇനം.നം.1723 പ്രകാരം )
ധനകാര്യ വകുപ്പ്
ഫിഷറീസ് & പോർട്ട്സ് വകുപ്പ്
ആഭ്യന്തര വകുപ്പ്
ആരോഗ്യവും കുടുംബക്ഷേമവും വകുപ്പ്
പൊതുവിദ്യാഭ്യാസ വകുപ്പ്

ഉന്നതവിദ്യാഭ്യാസ വകുപ്പ്
ഭക്ഷ്യ - പൊതുവിതരണ വകുപ്പ്
പരിസ്ഥിതി വകുപ്പ്
തദ്ദേശ സ്വയംഭരണ വകുപ്പ്
ഊർജ്ജ വകുപ്പ്
ജലവിഭവ വകുപ്പ്
കൃഷി വകുപ്പ്
റവന്യൂ (ഡി.ആർ.എഫ്. (എ, ബി, സി)) വകുപ്പുകൾക്ക്
കരുതൽ ഫയൽ / ഓഫീസ് പകർപ്പ്
ഇൻഫർമേഷൻ ഓഫീസർ, വെബ് & ന്യൂ മീഡിയ, ഐ & പി.ആർ.ഡി. (പ്രസിദ്ധീകരണത്തിന്)

പകർപ്പ് :- ബഹു: മുഖ്യമന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്
റവന്യൂവും ഭവന നിർമ്മാണവും വകുപ്പ് മന്ത്രിയുടെ പി.എസിന്
ചീഫ് സെക്രട്ടറിയുടെ അഡീഷണൽ സെക്രട്ടറിക്ക്
അഡീഷണൽ ചീഫ് സെക്രട്ടറിയുടെ (റവന്യൂവും ദുരന്ത നിവാരണവും വകുപ്പ്)
പേഴ്സണൽ സെക്രട്ടറിക്ക്
അഡീഷണൽ സെക്രട്ടറിയുടെ (റവന്യൂവും ദുരന്ത നിവാരണവും വകുപ്പ്)
സി.എഫ്

ഉത്തരവിൻപ്രകാരം

സെക്ഷൻ ഓഫീസർ

സെക്ഷൻ ഓഫീസർ